# പത്രക്കുറിപ്പ്

കേരള വനം, വന്യജീവി വകുപ്പിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ (കാറ്റഗറി നമ്പർ - 330/19) തസ്തികയുടെ ശാരീരിക അളവെടുപ്പും, വാക്കിംഗ് ടെസ്റ്റും 2021 മാർച്ച് മാസം 2-ാം തീയതി രാവിലെ 3.00 മുതൽ 9.00 വരെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നു. ഉദ്യോഗാർത്ഥികൾക്കായുള്ള അഡ്മിഷൻ ടിക്കറ്റ് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുകയും രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ മെസ്സേജ് നൽകുകയും ചെയ്തിട്ടുണ്ട്. അഡ്മിഷൻ ടിക്കറ്റും, ഒരു അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ അസ്സൽ, ആരോഗ്യ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഉദ്യോഗാർത്ഥികൾ നിശ്ചിത തീയതിയിൽ നിശ്ചിത സ്ഥലത്ത് വാക്കിംഗ് ടെസ്റ്റിന് ഹാജരാകേണ്ടതാണ്. നിശ്ചിത തീയതിയിലും സമയത്തും വാക്കിംഗ് ടെസ്റ്റിന് ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് ഒരു സാഹചര്യത്തിലും വീണ്ടും അവസരം നൽകുന്നതല്ല.